# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 572 : 11.06.2013 ലെ മറുപടിയ്ക്ക്**

## കെ.എസ്.എഫ്.ഇ യുടെ വിദ്യാഭ്യാസ ചിട്ടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. റ്റി. എൻ. പ്രതാപൻ**<br>**ശ്രീ. വി.ഡി. സതീശൻ**<br>**ശ്രീ. എം.എ. വാഹീദ്**<br>**ശ്രീ. പി.സി. വിഷ്ണുനാഥ്** | | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) | കെ.എസ്.എഫ്.ഇ. വിദ്യാഭ്യാസ ചിട്ടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | സാധാരണക്കാരായ ജനവിഭാഗങ്ങളുടെ മക്കൾക്ക് ചെറുപ്രായത്തിൽതന്നെ സമ്പാദ്യശീലവും സാമ്പത്തിക അച്ചടക്കവും വളർത്തി, 12-ാംതരം കഴിഞ്ഞുള്ള ഉന്നതവിദ്യാഭ്യാസത്തിന് ഉതകുംവിധം തുക സമാഹരിച്ച് അവരെ സാമ്പത്തികമായി സ്വയം പര്യാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |
| (സി) | ഏതെല്ലാം ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളെയാണ് ഈ ചിട്ടിയിൽ ഉൾപ്പെടുത്തുന്നത്; | (സി) | ഈ ചിട്ടിയിൽ 5-ാം ക്ലാസ്സ് മുതൽ 10-ാംക്ലാസ്സ് വരെ യുള്ള കുട്ടികളെയാണ് ഉൾപ്പെടുത്തുന്നത്. |
| (ഡി) | വിദ്യാർത്ഥികൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ഇതുവഴി ലഭിക്കുന്നത്. വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഡി) | ഉന്നതവിദ്യാഭ്യാസത്തിനുള്ള ചിലവ് മുൻകൂട്ടി കണ്ട് മിതവ്യയം പാലിച്ചുകൊണ്ടും ചിട്ടയായ ധന ആസൂത്രണത്തിലൂടെയും ഇതിനുവേണ്ട പണം സമാഹരിക്കാൻ കഴിയും. ഈ ചിട്ടി സാധാരണ ചിട്ടികളെപോലെ വിളിക്കാവുന്നതാണ്. എന്നാൽ ചിട്ടിപണം കെ.എസ്. എഫ്.ഇ. യിൽ തന്നെ നിക്ഷേപിക്കണം. ഈ സംഖ്യ വിദ്യാർത്ഥി 12-ാംക്ലാസ്സ് കഴിയുമ്പോൾ അതായത് ചിട്ടി വട്ടമെത്തുമ്പോൾ നൽകുന്നതാണ്. |

നിക്ഷേപത്തിന് ഇപ്പോൾ 10.75% പലിശയാണ് നൽകുന്നത്. ഒന്നുകിൽ ഈ പലിശ കഴിച്ച് ബാക്കി തവണ സംഖ്യ അടക്കാം. അല്ലെങ്കിൽ ഈ പലിശ സംഖ്യ സുഗമ അക്കൗണ്ടിൽ നിക്ഷേപിച്ചാൽ 5.5% പലിശ വീണ്ടും ലഭിക്കുന്നതാണ്. ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രയോജനം കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി രക്ഷിതാക്കൾക്ക് വായ്പ എടുക്കേണ്ട ആവശ്യം ഉണ്ടാകുകയില്ല എന്നതാണ്.

സെക്ഷൻ ഓഫീസർ.